അനർട്ടിലെ നിയമനങ്ങൾ

13 (2115) ശ്രീ. മാമ്മൻമത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അനർട്ടിൽ നിയമനങ്ങൾ നൽകുന്നത് സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവിടെ സ്ഥിര നിയമനം ലഭിക്കാത്ത ആർക്കെങ്കിലും പ്രൊബേഷൻ ഡിക്ലയർ ചെയ്ത് കൊടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സ്ഥിര നിയമനം ലഭിക്കാതെ പ്രൊബേഷൻ ഡിക്ലയർ ചെയ്തു കൊടുത്ത ഉദ്യോഗസ്ഥനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ രൂപീകരണത്തിനുമുമ്പായി അനർട്ടിന്റെ ജനറൽ കണ്ടീഷൻസ് ഓഫ് സർവീസ് അനുസരിച്ച് 2500 രൂപ (prerevised)-യ്ക്ക് മുകളിൽ സ്കെയിൽ ഓഫ് പേയുള്ള തസ്തികകളിലേക്കുള്ള നിയമനങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റിയും അതിനു താഴെയുള്ള നിയമനങ്ങൾ ഡയറക്ടറുമാണ് നടത്തിയിരുന്നത്.

(ബി) ഉണ്ട്.

(സി) നിലവിലുള്ള റിക്കോർഡുകളനുസരിച്ച് 8 പ്രോജക്ട് എഞ്ചിനീയർമാരെ ടെമ്പററി ആയി നിയമിക്കുകയും അവരെ സ്ഥിരപ്പെടുത്താതെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) 1995 മുതൽ 1999 വരെയുള്ള കാലഘട്ടത്തിലാണ് സ്ഥിര നിയമനം ലഭിക്കാത്ത ഉദ്യോഗസ്ഥന്മാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തു കൊടുത്തിട്ടുള്ളതായി വെളിവായിരിക്കുന്നത്. ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥന്മാർക്കെതിരെ അനന്തര നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly